## അദ്ധ്യായം പതിനഞ്ച്

# ദൈവിക രോഗശാന്തി

**(Divine Healing)**

"ദൈവിക രോഗശാന്തി" ഈ വിഷയം വൈരുദ്ധ്യമുള്ളതായി തോന്നാമെങ്കിലും ഇത് വചനത്തിന് വിരുദ്ധമല്ല - സുവിശേഷങ്ങളിൽ പത്തിൽ ഒരു ഭാഗത്ത് യേശുവിന്റെ രോഗശാന്തി ശുശ്രൂഷയുടെ പരാമർശമു്. പഴയ നിയമത്തിലും, സുവിശേഷ ഭാഗങ്ങളിലും അപ്പോസ്തലപ്രവൃത്തികളിലും രോഗശാന്തി ശുശ്രൂഷയുടെ വാഗ്ദത്തങ്ങൾ കാണാം. വിശ്വാസത്തെ ഉറപ്പിക്കുന്ന ദൈവവചനം രോഗാവസ്ഥയിലായിരിക്കുന്ന ഏതൊരു വ്യക്തിക്കും ആശ്വാസകരമാണ്.

ലോകത്തെവിടെയായാലും പൂർണ്ണ സമർപ്പണമുള്ള വിശ്വാസികളുള്ള സഭകളിൽ രോഗശാന്തി സർവ്വസാധാരണമാണ്. പരിമിതിക്കുള്ളിൽ പ്രവർത്തിക്കുന്ന സഭകളിൽ രോഗശാന്തി വിരളമാണ്.[56] "രോഗികളുടെ മേൽ കൈ വയ്ക്കുമ്പോൾ അവർ സൗഖ്യം പ്രാപിക്കും." യേശു തന്നെവിശ്വസിക്കുന്നവർക്കു നൽകിയിരിക്കുന്ന വാഗ്ദത്തമാണിത് (മർക്കൊ 16:18) യേശു നൽകിയ വാഗ്ദത്തത്തിന്റെ വെളിച്ചത്തിൽ അത്ഭുതങ്ങൾ വിശ്വാസികളുടെ അവകാശമാണ്. യേശു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സഭയെ വിലയിരുത്തിയാൽ ആധുനിക സഭയിൽ വിശ്വാസങ്ങൾ വളരെ ദുർബലമാണെന്ന് മനസ്സിലാക്കാം. യേശു അവരോടു പറഞ്ഞു.

> പിന്നെ അവൻ അവരോട്: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതഭാഷകളിൽ സംസാരിക്കും; സർപ്പങ്ങളെ പിടിച്ചെടുക്കും മരണകരമായ യാതൊന്നും കുടിച്ചാലും അവർക്ക് ഹാനിവരികയില്ല, രോഗികളുടെ മേൽ കൈവച്ചാൽ അവർക്ക് സൗഖ്യം വരും എന്നു പറഞ്ഞു (മർക്കോ: 16:15-18).

യേശുവിന്റെ ശുശ്രൂഷയെ പൂർണ്ണമായി അനുകരിച്ച് ശിഷ്യന്മാരെ നേടാൻ ആഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ തീർച്ചയായും വരങ്ങളുടെ

---

[56] . നോർത്ത് അമേരിക്കയിലുള്ള ചില സഭകളിൽ രോഗശാന്തി എന്ന വിഷയത്തിന് വിശ്വാസികളിൽനിന്നുതന്നെ ശക്തമായ എതിർപ്പ് കടന്നുവരാറ്. യേശുവിനുപോലും രോഗശാന്തി ശുശ്രൂഷവേളകളിൽ അവിശ്വാസികളുടെ ശക്തമായ എതിർപ്പ് അനുഭവിക്കേിവന്നിട്ടു് (മർക്കോ 16:15-18).

അടിസ്ഥാനത്തിൽ രോഗശാന്തി ശുശ്രൂഷ ചെയ്തിരിക്കണം. രോഗശാന്തി ശുശ്രൂഷ രുവിധത്തിൽ ദൈവരാജ്യത്തെ വെളിപ്പെടുത്തുന്നു. ഒന്ന് അത് സുവിശേഷത്തിന്റെ നല്ലൊരു പരസ്യമാണ്. സുവിശേഷഭാഗങ്ങളും അപ്പൊസ്തലപ്രവൃത്തിയുടെ പുസ്തകവും വായിക്കുന്ന ഏതു വ്യക്തിക്കും അത് മനസ്സിലാകും (എന്നാൽ ചില വലിയ ശുശ്രൂഷകർ ഇതിനോട് യോജിക്കുന്നില്ല. രാമതായി ശക്തമായി ശുശ്രൂഷ ചെയ്യുന്ന ഒരു ശുശ്രൂഷകന് തന്റെ വ്യക്തിപരമായ രോഗം ശുശ്രൂഷക്ക് തടസ്സമാകുകയില്ല).

രോഗസൗഖ്യത്തിൽ വിശ്വസിക്കുന്നെങ്കിലും അത് പ്രാപിക്കാൻ കഴിയാത്ത ചിലരു്. ക്രിസ്തുവിന്റെ സഭയാം ശരീരത്തിന്റെ അംഗങ്ങളായ ഇവരോട് ശിഷ്യന്മാരെ നേടാൻ യത്നിക്കുന്ന ശുശ്രൂഷകൻ സൂഷ്മബോധവാനായിരിക്കണം. നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നിര ന്തരം അവർക്കു നൽകണം. പ്രത്യേകിച്ചു സൗഖ്യത്തിന്റെ സന്ദേശത്തിന് അവർ എതിരായിരിക്കുന്നു എങ്കിൽ - രോഗശാന്തി ശുശ്രൂഷചെയ്യുന്ന ശുശ്രൂഷകന് ര് വിഷയങ്ങളെ അഭിമുഖീകരിക്കേിവരും, ഒന്നുകിൽ രോഗശാ ന്തി ശുശ്രൂഷയെക്കുറിച്ച് പ്രതിപാദിക്കാതിരിക്കുക തന്മൂലം ആരുടെയും എതിർപ്പ് സമ്പാദിക്കേ, ആർക്കും സൗഖ്യവും ലഭിക്കുന്നില്ല - മറ്റൊന്ന് എതിർപ്പിനെ മുന്നിൽക് രോഗശാന്തി ശുശ്രൂഷ പഠിപ്പിക്കുക എതിർപ്പുകൾ അവഗണിച്ച് രോഗസൗഖ്യം അനുഭവിച്ചറിയുക. ഞാൻ മേൽപറഞ്ഞതിൽ ര ാമത്തേതു തിരഞ്ഞെടുക്കും കാരണം ഞാൻ യേശുവിന്റെ ശുശ്രൂഷ പ ിൻപറ്റാൻ ആഗ്രഹിക്കുന്നവനാണ്.

## ക്രൂശിങ്കൽ സൗഖ്യം
## (Healing on the Cross)

മിശിഹാ പ്രവചനമെന്നറിയപ്പെടുന്ന യെശ: 53-ാം അദ്ധ്യായം രോഗശാന്തി ശുശ്രൂഷയുടെ പഠനത്തിന് നല്ലൊരു തുടക്കമാണ്. യശയ്യാപ്രവാചകൻ യേശുവിന്റെ മരണവും ക്രൂശിൽ പൂർത്തികരിക്കേ പ്രവർത്തികളും പരിശുദ്ധാത്മാവിനാൽ വിശദീകരിക്കുന്നു.

> സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡി പ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അകൃ ത്യങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു (യശ 53: 4-6).

അവൻ നമ്മുടെ ഭാരത്തെയും പാപത്തെയും ചുമന്നുവെന്ന് പ രിശുദ്ധാത്മപ്രേരിതനായി യെശയ്യാവ് പറയുന്നു. യഥാർത്ഥ എബ്രായ വിവർത്തനം സൂചിപ്പിക്കുന്നു ''യേശു നിന്റെ രോഗത്തെ ചുമന്നു വേദനയെ വഹിച്ചു'' യശയ്യ: 53:4ൽ വേദനയെന്ന് വിവർത്തനം ചെയ്തിരിക്കുന്നത് ചോളി

എന്ന വാക്കിൽനിന്നാണ് ഇത് ആവ 7.15  28:61, 1 രാജ 17:17, 2 രാജ 1:2, 8:8, 2 ദിന 16:12:, 21:15 ഇവിടെയെല്ലാം ഈ വാക്കിനെ വിവർത്തനം ചെയ്തിരിക്കുന്നത് രോഗം അഥവാ അസുഖം എന്നാണ്.

മാർക്കോവ് എന്ന എബ്രായ വാക്കാണ് വേദനയെന്ന് പ രിഭാഷപ്പെടുത്തിരിക്കുന്നത്. ഇയ്യോ:14:22, 33:19ൽ ഇത് കാണാം. ഇവിടെ ര ിടത്തും വേദന എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

ഇങ്ങനെയിരിക്കെ യെശയ്യാവ് 53:4ൽ നമ്മുടെ രോഗത്തെ അവൻ ചുമന്നു, നമ്മുടെ വേദനയെ അവൻ വഹിച്ചു എന്നെഴുതിയിരിക്കുന്നു. യെശയ്യ 53:4 ലെ വാഗ്ദത്തം മത്തായി തന്റെ സുവിശേഷത്തിൽ 8:17ൽ ഉറപ്പിച്ചിരിക്കുന്നു. ചിലർ ഇതിനെ വളച്ചൊടിച്ച് ആത്മികരോഗം, ആത്മീകഅസുഖം എന്നാക്കിയിട്ട് എന്നാൽ മത്തായി ഈ യെശയ്യ 53:4നെ ശാരീരിക അസുഖം എന്നുതന്നെയാണ് വിവരിക്കുന്നത്.

> വൈകുന്നേരം ആയപ്പോൾ പലഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊവന്നു. അവൻ വാക്കുകൊ് ദുരാത്മാക്കളെ പുറത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി, അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്ന് യെശയ്യ പ്രവാചകൻ പറ ഞ്ഞത് നിവൃത്തിയാകുവാൻ തന്നെ (മത്താ 8:16-17).

യേശു നൽകുന്ന ശാരീരികസൗഖ്യം യെശയ്യാ 53:4ന്റെ നിവർത്തികരണമാണ്. അതുകൊ് യെശയ്യാവ് 53:4ൽ യേശു നമ്മുടെ രോഗങ്ങളെയും ഭാരങ്ങളേയും ചുമക്കുന്നു എന്നതിന്റെ പ്രതിപാദ്യമാണ്.57[57] യെശയ്യാ 53:11ൽ പറയുന്നു. "അവൻ നമ്മുടെ അതിക്രമങ്ങളെ ചുമന്നു." രോഗിക്ക് സന്തോഷം കൊടുക്കുന്ന വാർത്തയാണിത്. ത്യാഗത്തിലുടെ കർത്താവ് നമുക്ക് രക്ഷയും സൗഖ്യവും സാദ്ധ്യമാക്കി.57

## ഒരു ചോദ്യം ഉയരുന്നു
## (A Question Asked)

ഇവിടെ ഒരു ചോദ്യമുയരുന്നു. "ഇത് ശരിയാണെങ്കിൽ എന്തുകൊ് എല്ലാവർക്കും സൗഖ്യം ലഭിക്കുന്നില്ല." ഈ ചോദ്യത്തിന് ഒരു മറു ചോദ്യം നല്ലൊരു ഉത്തരമാണ്. എന്തുകൊ് എല്ലാവരും വീം ജനിക്കുന്നില്ല?

[57] . ചിലർ അവിശ്വാസത്തിൽ തൂങ്ങിക്കിടക്കാൻ ഒരു തുരുമ്പ് കിട്ടിയാൽ അത് ഉപയോഗി ക്കും. യെശയ്യാ 53:4ൽ പറഞ്ഞിരിക്കുന്നത് പൂർണ്ണമായും കഫർന്നഹൂമിലെ ശുശ്രൂഷ യിൽ പൂർത്തികരിച്ചെന്ന് ചിലർ വാദിക്കുന്നു. നമ്മുടെ അധിക്രമങ്ങൾക്കുവേി തകർക്കപ്പെട്ട തുപോലെ യേശു നമ്മുടെ രോഗത്തെയും വഹിച്ചു എന്ന് യെശയ്യാ പറയുന്നു. യെശ: 53: 4ഉം 5ഉം വാക്യങ്ങൾ താരതമ്യപ്പെടുത്തുക. ആരുടെ അധിക്രമങ്ങൾക്കുവേി യേശു തകർക്കപ്പെട്ടുവോ അവരുടെ രോഗങ്ങളേയും അവൻ ചുമന്നു. നമ്മുടെ അധിക്രമങ്ങൾക്കു വേി തകർക്കപ്പെടുകയും നമ്മുടെ രോഗങ്ങളെ ചുമക്കുകയും ചെയ്ത മിശിഹാ യേശു ആണെന്ന്, യേശു കഫർന്നഹൂമിൽ ചെയ്ത രോഗശാന്തിശുശ്രൂഷയിലൂടെ മത്തായി തന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തുകയാണ്.

എല്ലാവരും വീും ജനിക്കുന്നില്ല കാരണം ഒന്നുകിൽ അവർ സുവിശേഷം കേട്ടില്ല, അല്ലെങ്കിൽ അവർ അതിൽ വിശ്വസിക്കുന്നില്ല. ഒരുവൻ രോഗ സൗഖ്യം അവന്റെ വിശ്വാസത്തിലൂടെയാണ് പ്രാപിക്കുന്നത്. നമ്മുടെ രോഗത്തെ യേശു ചുമന്നു എന്ന അത്ഭുത സത്യം പലരും കേട്ടില്ല, കേട്ട ചിലരോ അതിനെ അവഗണിച്ചു.

രോഗത്തോടുള്ള ദൈവത്തിന്റെ നിലപാട് തന്റെ പുത്രന്റെശുശ്രൂഷയിൽ വ്യക്തമായി വെളിപ്പെടുന്നു. ദൈവം താൻ അതിനെ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു.

> ആകയാൽ യേശു അവനോടു ഉത്തരം പറഞ്ഞത്: ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്യാൻ കഴിയുകയില്ല, അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം ചെയ്യുന്നു (യോഹ 5:19).

പിതാവിന്റെ സ്വഭാവത്തിന്റെ തക്ക പ്രതിനിധിയാണ് യേശു. (എബ്രാ 1:3). പിതാവായ ദൈവത്തിനും പുത്രനായ ക്രിസ്തുവിനും രോഗത്തോടുള്ള കാഴ്ചപ്പാട് ഒന്നുതന്നെയായിരുന്നു.

യേശുവിന്റെ നിലപാട് എന്തായിരുന്നു? രോഗസൗഖ്യം കാംക്ഷിച്ചുവന്ന ആരേയും യേശു നിരാശരായി മടക്കി അയച്ചില്ല. ''നീ സൗഖ്യം പ്രാപിക്കുന്നത് ദൈവത്തിന് ഇഷ്ടമല്ല, നീ രോഗിയായിത്തന്നെ കഴിയാൻ ദൈവം ആഗ്രഹിക്കുന്നു.'' രോഗസൗഖ്യത്തിനായി വന്ന ഒരുവനോട് യേശു ഒരിക്കലും ഇങ്ങനെ പറഞ്ഞിട്ടില്ല. തന്റെ അടുത്തേക്കുവന്നവനെ യേശു സൗഖ്യമാക്കുകയും, സൗഖ്യം പ്രാപിച്ചവരോട് നിന്റെ വിശ്വാസമാണ് നിന്നെ സൗഖ്യമാക്കിയതെന്ന് പറയുകയും ചെയ്തു. വചനം പറയുന്നു: യഹോവയായ ഞാൻ മാറ്റമില്ലാത്തവൻ (മലാ. 3:6) യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ (എബ്രാ 13:8).

## സൗഖ്യ പ്രഖ്യാപനം
## (Healing Proclaimed)

രക്ഷ, പാപക്ഷമ എന്നായിചുരുങ്ങിയിരിക്കുന്നു. രക്ഷിച്ചു-രക്ഷ - ഈ ഗ്രീക്കു പദങ്ങൾക്ക് പാപക്ഷമ എന്നതിനുപരി വിടുതൽ രോഗസൗഖ്യം[58]എന്നൊക്കെ അർത്ഥം ഉ്. പൂർണ്ണ രൂപത്തിൽ രക്ഷ

---

58 . ഉദാഹരണത്തിന്, രക്തസ്രവക്കാരിയോട് യേശു പറഞ്ഞു. മകളെ, നിന്റെ, വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. (മർക്കോ 5:34). (സോസോ) സൗഖ്യമാക്കിയിരിക്കുന്നു എന്നു വിവർത്തനം ചെയ്തിരിക്കുന്ന സോസോ (Sozo) എന്ന ഗ്രീക്കു പദം രക്ഷിക്കുന്നു, രക്ഷിച്ചു എന്ന് എൺപതിലധികം തവണ പുതിയ നിയമത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടു ്. എഫേ 2:5ൽ ഇതേ വാക്ക് രക്ഷിച്ചിരിക്കുന്നു എന്ന് ഉപയോഗിച്ചിരിക്കുന്നതു കാണാം. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. ശാരീരിക സൗഖ്യം എന്നർത്ഥം വരുന്ന ഗ്രീക്കു പദങ്ങൾ മിക്കപ്പോഴും രക്ഷിച്ചിരിക്കുന്നു എന്നർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണാം.

അനുഭവിച്ച ഒരു വ്യക്തിയെ ബൈബിളിൽ നമുക്ക് കാണാം. പൗലോസിന്റെ പ്രസംഗം കേട്ട് അവൻ വിശ്വാസത്താൽ സൗഖ്യം പ്രാപിച്ചു.

> ലുസ്രയിൽ അമ്മയുടെ ഗർഭം മുതൽ മുടന്തനായി ഒരിക്കലും നടന്നിട്ടില്ലാതെയും കാലിനു ശക്തിയില്ലാതെയും ഉള്ളൊരു പുരുഷൻ ഇരുന്നിരുന്നു. അവൻ പൗലോസ് സംസാരിക്കുന്നതുകേട്ടു; അവൻ അവനെ ഉറ്റു നോക്കി, സൗഖ്യം പ്രാപിപ്പാൻ അവനു വിശ്വാസമു് എന്ന് കിട്ടു നീ എഴുന്നേറ്റു കാലൂന്നി, നിവർന്നു നില്ക്ക എന്ന് ഉറക്കെ പറഞ്ഞു; അവൻ കുതിച്ചെഴുന്നേറ്റു നടന്നു (അപ്ര 14:8-10).

പൗലോസ് സുവിശേഷം പ്രസംഗിച്ചത് കേട്ട മനുഷ്യന് വിശ്വാസം ഉായിട്ട് ശാരീരിക സൗഖ്യം ലഭിച്ചു. യേശു രോഗികളെ സൗഖ്യമാക്കുന്നതും, രോഗികൾ വിശ്വാസത്താൽ സൗഖ്യം പ്രാപിക്കുന്നതും അവൻ പൗലോസിൽ നിന്നു കേട്ടു. യേശു നമ്മുടെ ബലഹീനതകളെയും രോഗങ്ങളെയും ചുമന്നു എന്ന യെശയ്യാ പ്രവചനത്തിലെ പ്രതിപാദ്യം പൗലോസ് ഉദ്ധരിക്കുന്നു. ''വിശ്വാസം കേൾവിയാൽ വരുന്നു.'' റോമ 10:17 പക്ഷവാതരോഗിയുടെ ഹൃദയത്തിൽ വീണ വിശ്വാസത്തിന്റെ തീപ്പൊരി രോഗസൗഖ്യത്തിന് കാരണമായി. പക്ഷവാതരോഗി വീും രോഗാവസ്ഥയിൽ തുടരാൻ ദൈവം ആഗ്രഹിക്കുന്നില്ലയെന്ന് പൗലോസിന്റെ പ്രസംഗത്തിൽ അവനു ബോദ്ധ്യമായി.

അവന്റെ രോഗാവസ്ഥയിൽ തുടരാൻ ദൈവം ആഗ്രഹഗിക്കുന്നില്ലായെന്ന് പൗലോസും വിശ്വസിച്ചു. അല്ലെങ്കിൽ തന്റെ വാക്കുകൾ രോഗിയിൽ രോഗസൗഖ്യത്തിനുള്ള വിശ്വാസം ഉാക്കുകയോ, ആ മനുഷ്യനോടു എഴുന്നേൽക്കാൻ പറയുകയോ ഇല്ലായിരുന്നു. ഇക്കാലത്തെ ശുശ്രൂഷകർ പറയുന്നതുപോലെ പൗലോസും പറഞ്ഞിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു. എല്ലാവരും സൗഖ്യമാകുന്നതു ദൈവത്തിന്റെ ഇച്ഛയല്ലായെന്ന് പൗലോസ് പ്രസംഗിച്ചിരുന്നെങ്കിൽ എന്തുസംഭവിക്കുമായിരുന്നു. സൗഖ്യം പ്രാപിക്കുവാനുള്ള വിശ്വാസം ആ മനുഷ്യന് ഉാകുമായിരുന്നില്ല. എന്തുകൊ് ഇന്നും ഭൂരിഭാഗം രോഗികളും സൗഖ്യം പ്രാപിക്കുന്നില്ലായെന്നതിന് ഇത് ഒരു തെളിവാണ്. വിശ്വാസം വളർത്തേ ശുശ്രൂഷകന്മാർ രോഗികളുടെ വിശ്വാസത്തെ ് തളർത്തുകയാണ് ചെയ്യുന്നത്.

തന്റെ വിശ്വാസം മൂലമാണ് ഈ മനുഷ്യൻ സൗഖ്യം പ്രാപിച്ചത്. അവന് സൗഖ്യം ലഭിക്കണമെന്നത് ദൈവേച്ഛയായിരുന്നെങ്കിൽ കൂടി അവന് വിശ്വാസമില്ലായിരുന്നെങ്കിൽ സൗഖ്യം പ്രാപിക്കയില്ലായിരുന്നു. ജനക്കൂട്ടത്തിൽ അനേകം രോഗികളുായിരുന്നു; പക്ഷേ അവർക്കാർക്കും രോഗ സൗഖ്യം ലഭിച്ചതായി രേഖപ്പെടുത്തിക്കാണുന്നില്ല. എന്തുകൊ് അവർക്ക് സൗഖ്യം ലഭിച്ചില്ല? രക്ഷിക്കപ്പെടാത്ത അനേകർ അക്കൂട്ടത്തിലുായിരുന്നെങ്കിലും അവരാരും വീും ജനനം പ്രാപിച്ചില്ല കാരണം അവർ പൗലോസിന്റെ വചനസന്ദേശത്തിൽ വിശ്വസിച്ചില്ല.

ചിലർക്ക് ഒരിക്കലും രോഗസൗഖ്യം ലഭിക്കുകയില്ല. എന്നാൽ ഇച്ഛിക്കുന്നവർക്ക് രോഗസൗഖ്യം ലഭിക്കുന്നു്. ഇതൊരു വ്യവസ്തയല്ല. ചിലർ വീും ജനനം പ്രാപിക്കണം, ചിലർ വീും ജനനം പ്രാപിക്കേ എന്ന് ദൈവം ഇച്ഛിക്കുന്നു എന്നു കരുതുന്നത് ശരിയല്ല. രക്ഷിക്കപ്പെടാൻ തീർച്ചയായും തന്നത്താൻ സുവിശേഷത്തിൽ വിശ്വസിക്കണം എന്നതുപോലെ തന്നെ രോഗ സൗഖ്യം പ്രാപിക്കുന്നതിനും തന്നത്താൻ വിശ്വസിക്കണം.

സുവിശേഷത്തിൽ തന്നത്താൻ വിശ്വസിക്കുന്നവനേ രക്ഷിക്കപ്പെടുകയുള്ളൂ, അതുപോലെ തന്നത്താൻ വിശ്വസിക്കുന്നവനേ രോഗസൗഖ്യം ലഭിക്കുകയുള്ളൂ.

## സൗഖ്യം നൽകുവാനുള്ള ദൈവത്തിന്റെ ഇച്ഛക്ക് മറ്റു തെളിവുകൾ (Further Proof of God's Will to Heal)

പഴയനിയമ ഉടമ്പടിപ്രകാരം, രോഗ സൗഖ്യം യിസ്രായേലിന്റെ ദൈവിക ഉടമ്പടിയുമായി ബന്ധപ്പെട്ടിരുന്നു. അവരുടെ പുറപ്പാടിന്റെ ചില നാളുകൾക്കുശേഷം ദൈവം ഇസ്രായേലിന് ഈ ഉടമ്പടി നൽകി.

> നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോട് കേട്ട് അവനു പ്രസാദമുള്ളത് ചെയ്കയും അവന്റെ കൽപനകളെ അനുസരിച്ച് അവന്റെ സകല വിധികളും പ്രമാണിക്കുകയും ചെയ്താൽ ഞാൻ മിസ്രയിമ്യർക്ക് വരുത്തിയ വ്യാധികൾ ഒന്നും നിനക്കു വരുത്തുകയില്ല. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു (പുറ 15:26).

യിസ്രായേലിന്റെ ദൈവിക ഉടമ്പടിയിൽ രോഗസൗഖ്യവും ഉ ായിരുന്നു. അത് ജനത്തിന്റെ അനുസരണയുടെ അടിസ്ഥാനത്തിലായിരുന്നു. അപ്പസ്തലനായ പൗലോസ് 1 കൊരി: 11:27-31 വരെ വാക്യങ്ങളിൽ പുതിയ ഉടമ്പടി പ്രകാരമുള്ള രോഗസൗഖ്യം അനുസരണത്തിൽ അധിഷ്ഠിതമായിരുന്നു എന്നുകാണാം. ദൈവം യിസ്രായേലിനോടു ഇപ്രകാരം വാഗ്ദത്തം ചെയ്തു:

> നിങ്ങളുടെ ദൈവമായ യഹോവയെത്തന്നെ സേവിപ്പിൻ എന്നാൽ അവൻ നിന്റെ അപ്പത്തേയും വെള്ളത്തേയും അനുഗ്രഹിക്കും, ഞാൻ രോഗങ്ങളെ നിന്റെ നടുവിൽനിന്ന് നീക്കിക്കളയും, ഗർഭം അലസുന്നവ ളും, വന്ധ്യയും നിന്റെ ദേശത്തു ഉാകയില്ല. നിന്റെ ആയുഷ്കാലം ഞാൻ പൂർത്തീകരിക്കും (പുറ 23: 25-26).

നീ സകല ജാതികളിലും വച്ച് അനുഗ്രഹിക്കപ്പെട്ടിരിക്കും വന്ധ്യത യുള്ള ആണും പെണ്ണും നിങ്ങളിലൊ, നിങ്ങളുടെ കന്നുകാലികളിലൊ ഉാക യില്ല. യഹോവ സകല രോഗവും നിന്നിൽനിന്ന് അകറ്റിക്കളയും. നീ അറി ഞ്ഞിരിക്കുന്ന മിസ്രയിമ്യരുടെ ദുർവിധികൾ യാതൊന്നും, അവൻ നിന്റെ മേൽ

വരുത്താതെ നിന്നെ വെറുക്കുന്ന എല്ലാവർക്കും അവ വരുത്തും (ആവ 7:14 -15).

പുതിയ ഉടമ്പടി പഴയതിനേക്കാൾ ശ്രേഷ്ഠമായിരിക്കെ, പഴയനിയമത്തിൽ ഉൽപ്പെടുത്തിയിരിക്കുന്ന രോഗസൗഖ്യം എന്തുകൊ് പുതിയനിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ന്യായമായും സംശയിക്കാം. വചനം പറയുന്നു.

> അവനോ വിശേഷതയേറിയ വാഗ്ദത്തങ്ങളിൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്തതയാൽ അതിന്റെ വിശേഷതക്ക് ഒത്തവണ്ണം വിശേഷതയേറിയ ശുശ്രൂഷയും പ്രാപിച്ചിരിക്കുന്നു (എബ്രാ 8:6).

## **വീ്ും ചില തെളിവുകൾ**
## **(Yet Further Proof)**

ഏവരും സൗഖ്യം പ്രാപിക്കണമെന്നത് ദൈവേച്ഛയാണ്. ബൈബിളിൽ പല വചനങ്ങളും ഇതിന് തെളിവാണ്. അവയിൽ ചില വചനങ്ങൾ.

> എൻമനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക, എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു. നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു (സങ്കീ 103: 1-3).

നമ്മുടെ സകല അകൃത്യങ്ങളേയും ദൈവം പൊറുക്കുവാൻ ഇച്ഛിക്കുന്നു എന്ന ദാവീദിന്റെ പ്രസ്ഥാവനയോടുള്ള ഒരു വിശ്വാസിയുടെ പ്രതികരണമെന്താണ്? നമ്മുടെ സകല രോഗത്തേയും ദൈവം സൗഖ്യമാക്കാൻ ഇച്ഛിക്കുന്നു എന്ന് ദാവീദ് വിശ്വസിക്കുന്നു.

> മകനേ, എന്റെ വചനങ്ങൾക്ക് ശ്രദ്ധ തരിക. എന്റെ മൊഴികൾക്ക് നിന്റെ ചെവി ചായിക്ക. അവ നിന്റെ ദൃഷ്ടിയിൽനിന്ന് മാറിപ്പോകരുത്; നിന്റെ ഹൃദയത്തിന്റെ നടുവിൽ അതിനെ സൂക്ഷിച്ചു വെക്കുക. അവയെ കിട്ടുന്നവർക്കു അവ ജീവനും അവരുടെ സർവ്വദേഹത്തിനും സൗഖ്യവും ആകുന്നു (സദൃ:4:20-22).

> നിങ്ങളിൽ ദീനമായികിടക്കുന്നവൻ സഭയിലെ മുപ്പന്മാരെ വരുത്തട്ടെ, അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും കർത്താവ് അവനെ എഴുന്നേൽപിക്കും; അവൻ പാപം ചെയ്തിട്ടുങ്കിൽ അവനോടു ക്ഷമിക്കും (യാക്കോ 5:14-15).

അവസാനത്തെ ഈ വാഗ്ദത്തം രോഗിയായ ഏതൊരാൾക്കും ഉള്ളതാണ്. ഇവിടെ പ്രത്യേകം ശ്രദ്ധേയമായ ഒരു കാര്യം മൂപ്പന്മാരോ,

എണ്ണയോ അല്ല സൗഖ്യം നൽകുന്നത്, പിന്നെയോ വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാണ്.

ഇവിടെ വിശ്വാസം മൂപ്പന്മാരുടേതോ, രോഗികളുടേതോ? ര ുപേരുടേയും കൂട്ടായ വിശ്വാസമാണ്. സഭയിലെ മൂപ്പന്മാരെ വിളിച്ചു വരുത്തുന്നതിലൂടെ രോഗിയുടെ വിശ്വാസം, ഭാഗീകമായെങ്കിലും വെളിപ്പെട്ടു വരുന്നു. രോഗിയുടെ അവിശ്വാസം മൂപ്പന്മാരുടെ പ്രാർത്ഥനാവീര്യത്തെ നിർവീര്യമാക്കാൻ പര്യാപ്തമാണ്. ഇവിടെ യാക്കോബ് വിവരിക്കുന്ന പ്രാർത്ഥന, മത്താ: 18:19ൽ യേശു ഊന്നിപ്പറഞ്ഞിരിക്കുന്ന ഐക്യത്തോടു പ്രാർത്ഥിക്കണമെന്ന ആഹ്വാനത്തിന്റെ ഒരു ഉദാഹരണമാണ്. രുപേർ ഒരു വിഷയത്തിന്മേൽ ഐക്യമത്യപ്പെട്ട് പ്രാർത്ഥിക്കണം. ഒരുവൻ വിശ്വസിക്കയും മറ്റവൻ വിശ്വസിക്കാതിരിക്കുകയും ചെയ്താൽ അവിടെ ഐക്യമത്യമില്ല.

പിശാച് രോഗബാധ ഉാക്കാൻ സമർത്ഥനാണ്. ഇതിന് നിരവധി തെളിവുകൾ വിശുദ്ധ ഗ്രന്ഥത്തിൽ പലയിടത്തും നമുക്ക് കാണാം. (ഇയ്യോ 2:7, ലൂക്കോ 13:16 അപ്ര: 10.38 1 കൊരി 5:5) ദൈവമക്കളുടെ മേലുള്ള പ ിശാചിന്റെ ഈ പ്രവർത്തികളെ അഴിക്കാൻ പിതാവായ ദൈവത്തിന് ഇഷ്ടമാണ്. ലോകത്തിലെ ഏതു പിതാവും തന്റെ പുത്രനെ സ്നേഹിക്കുന്നതിലുപരി സ്വർഗ്ഗസ്തനായ നമ്മുടെ പിതാവ് നമ്മെ സ്നേഹിക്കുന്നു (മത്തായി 7:11) ഒരു പിതാവും തന്റെ മകൻ രോഗിയായിരിക്കുന്നതു കാണാൻ ആഗ്രഹിക്കുന്നില്ല.

ഐഹിക ശുശ്രൂഷയിൽ യേശു ചെയ്ത രോഗശാന്തി ശുശ്രൂഷ അപ്പോസ്തല പ്രവൃത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. നാം ആരോഗ്യവാന്മാരായി ഇരിക്കണമെന്ന് പിതാവായ ദൈവം ഏറെ ആഗ്രഹിക്കുന്നു. നമ്മുടെ രോഗസൗഖ്യം അതിന്റെ ഉത്തമോദാഹരണമാണ്. സൗഖ്യത്തിനായി കർത്താവിന്റെ അടുക്കൽ വന്നവരെ ഒക്കേയും അവൻ സൗഖ്യമാക്കി, സൗഖ്യത്തിന്നാധാരം അവരുടെ വിശ്വാസമാണെന്നും അവരെ പഠിപ്പിച്ചു. രോഗികളുടെ കൂട്ടത്തിൽനിന്ന് ചിലരെ വേർതിരിച്ച് അവർക്ക് യേശു സൗഖ്യം കൊടുത്തില്ല, വിശ്വാസത്തോടുകടന്നുവന്ന രോഗികളെല്ലാം സൗഖ്യം പ്രാപിച്ചു. അവൻ എല്ലാവർക്കും സൗഖ്യം നൽകി പക്ഷെ സൗഖ്യത്തിന് അവരുടെ വിശ്വാസം അനുപേ ക്ഷണികമായിരുന്നു.

## സാധാരണമായ ചില വിയോജിപ്പുകൾക്കുള്ള ഉത്തരങ്ങൾ
## (Answers to Some Common Objections)

ദൈവവചനത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ആളുകളുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് എതിർപ്പുകൾ കൂടുതലും ഉടലെടുക്കുന്നത്. എനിക്കറിയാം, വിശ്വാസിയായ ഒരു സ്ത്രീ തന്റെ ക്യാൻസർ രോഗം സൗഖ്യമാക്കാൻ പ്രാർത്ഥിച്ചു, എന്നാൽ അവൾ മരിച്ചു.

എല്ലാവരേയും സൗഖ്യപ്പെടുത്തുക എന്നത് ദൈവത്തിന്റെ ഇച്ഛയല്ല എന്നതിന് വ്യക്തമായ ഒരു തെളിവാണിത്.

ദൈവത്തിന്റെ ഹിതത്തെ വചനത്തിലുടെയല്ലാതെ മറ്റൊരു രീതിയിലും നിർണ്ണയിക്കാൻ ശ്രമിക്കരുത്. ഉദാഹരണത്തിന് പാലും തേനും ഒഴുക്കുന്ന വാഗ്ദത്തനാട് യോർദ്ദാനക്കരെ കയ്യെത്തും ദൂരത്തുആയിരിക്കുമ്പോൾ തന്നെ യിസ്രായേൽ ജനം 40 സംവത്സരം മണലാരണ്യത്തിലൂടെ അലഞ്ഞു, തന്റെ ജനത്തെ വാഗ്ദത്തനാട്ടിൽ എത്തിക്കാൻ ദൈവത്തിന് ഇഷ്ടമില്ലാതിരുന്നതാണ് കാരണമെന്ന് വേണമെങ്കിൽ നിങ്ങൾക്ക് അനുമാനിക്കാം. എന്നാൽ കാരണമതല്ല. വേദപുസ്തകം വായിച്ചാൽ നിങ്ങൾക്കതു മനസ്സിലാകും. വാഗ്ദത്ത നാട്ടിൽ തന്റെ ജനത്തെ എത്തിക്കുകയെന്നത് ദൈവത്തിന്റെ വാഗ്ദത്തവും ഇച്ഛയും ആയിരുന്നു. എന്നാൽ ജനത്തിന്റെ അവിശ്വാസമായിരുന്നു അവരെ തടഞ്ഞ പ്രധാന ഘടകം (എബ്രാ 3:19.).

ഇന്ന് നരകത്തിലകപ്പെട്ടുപോയവരെക്കുറിച്ച് എന്ത് തോന്നുന്നു? അവരെല്ലാം സ്വർഗ്ഗത്തിലായിരിക്കണമെന്ന് ദൈവം ഇച്ഛിച്ചു. എന്നാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കാനോ പാപം ഏറ്റുപറയാനോ അവർ തയ്യാറായിരുന്നില്ല. ഇതുപോലെതന്നെയാണ് രോഗികളുടെയും അവസ്ഥ, ദൈവത്തിന്റെ ഇച്ഛ എന്തെന്ന് നമുക്ക് നിർണ്ണയിക്കാൻ സാദ്ധ്യമല്ല. ഒരു വിശ്വാസി പ്രാർത്ഥനയിൽ രോഗസൗഖ്യത്തിനായി പ്രാർത്ഥിച്ചു സൗഖ്യം ലഭിച്ചില്ല. തന്മൂലം എല്ലാവർക്കും സൗഖ്യം നൽകാൻ ദൈവം ഇച്ഛിക്കുന്നില്ല എന്ന് കരുതരുത്.

ഒരുവൻ ദൈവത്തിന്റെ വ്യവസ്ഥ പാലിച്ചാൽ സൗഖ്യം ലഭിക്കും. വാക്കുപാലിച്ചില്ലെങ്കിൽ ദൈവം കള്ളനാണ്. സൗഖ്യം ലഭിക്കാത്തതുകൊ്, സൗഖ്യം തരുന്നത് ദൈവത്തിന്റെ ഹിതമല്ലായെന്ന് കുറ്റപ്പെടുത്തുന്നവർ വാഗ്ദത്തനാടായ കനാൻ നൽകുന്നത് ദൈവത്തിന് ഇഷ്യമല്ലായെന്ന് സ്വയം പഴിച്ച് മരുഭൂമിയിൽ മരണപ്പെട്ട അവിശ്വാസികളായ യിസ്രായേൽ ജനത്തിനു തുല്യമാണ്. നമ്മുടെ അഹംഭാവത്തെ അടക്കി നമ്മുടെ തെറ്റ് തുറന്നു സമ്മതിക്കുന്നതാണ് ഉത്തമം.

ചില വിശ്വാസികൾ രോഗസൗഖ്യത്തിനുവേി പ്രാർത്ഥിക്കുമ്പോൾ ഇത് അങ്ങയുടെ ഹിതമെങ്കിൽ എന്നുപറഞ്ഞ് പ്രാർത്ഥന അവസാനിപ്പിക്കാറു്. ഇത് ഇവരുടെ വിശ്വാസത്തെ കെടുത്തുന്ന പ്രസ്താവന യാണ്. പ്രാർത്ഥന വിശ്വാസത്തോടെയല്ല കാരണം ദൈവത്തിന്റെ ഹിതത്തെക്കുറിച്ച് അവർക്ക് വിശ്വാസമില്ല. സൗഖ്യം ലഭിക്കുമ്പോൾ വിഷയത്തിന്മേൽ ഉള്ള ദൈവഹിതം വ്യക്തമാകുന്നു. ദൈവം നിങ്ങളെ സൗഖ്യമാക്കുമെന്ന് വിശ്വാസമുങ്കെിൽ, രോഗസൗഖ്യത്തിനുവേിയുള്ള പ്രാർത്ഥനയുടെ അവസാനം നിന്റെ ഹിതമെങ്കിൽ എന്നു ചേർക്കേ കാര്യമില്ല.

ദൈവമേ, എന്നെ സൗഖ്യമാക്കാമെന്ന് നീ വാഗ്ദത്തം ചെയ്തിട്ടു്. അങ്ങ് എന്നെ സൗഖ്യമാക്കണമേ എന്നു ഞാൻ യാചിക്കുന്നു.

വിശ്വസ്തരല്ലാത്ത വിശ്വാസികളെ ദൈവം രോഗികളാക്കുകയോ ചിലരെ (ദ്ദ്ലാമഔൗല) യൗവ്വനത്തിൽ തന്നെ മരണത്തിന് ഏല്പിക്കുകയോ ചെയ്യാറു് എന്നുള്ളത് വസ്തുതയാണ്. അങ്ങനെയുള്ളവർ സൗഖ്യത്തിനായി കേഴുന്നതിനുമുമ്പ്തന്നെ അവിശ്വാസം എന്നതെറ്റ് ഏറ്റുപറയണം (1 കൊരി 11:27-32). ചിലരു്, ശരീരത്തെ ശ്രദ്ധിക്കാതെ രോഗത്തിന് സ്വമേധയാ വിധേയപ്പെടുത്തുന്നവർ. വിശ്വാസികൾ എപ്പോഴും ആരോഗ്യപരമായ ഭക്ഷണക്രമം പാലിക്കണം, മിതമായി ഭക്ഷിക്കുക, പതിവായി വ്യായാമം ചെയ്യുക, ആവശ്യത്തിന് വിശ്രമിക്കുക ഇത്യാദി.

## സാധാരണ ഉാകാറുള്ള മറ്റൊരു എതിർപ്പ്
## (A Second Common Objection)

പൗലോസിന്റെ ശരീരത്തിൽ ഒരു ശൂലമുായിരുന്നു, ദൈവം അവനെ സൗഖ്യമാക്കിയില്ല.

പൗലോസിന്റെമുള്ള് രോഗമായിരുന്നു എന്ന വ്യാഖ്യാനം ശരിയല്ല. കാരണം ആ മുള്ള് സാത്താന്റെ ഒരു ദൂതൻ ആണെന്ന് പൗലോസ് തന്നെ സ്വന്തവാക്കുകളിൽ പറയുന്നു്.

> വെളിപ്പാടുകളുടെ ആധിക്യത്താൻ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചുപോകാതിരിക്കേതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ തന്നെ അത് എന്നെ വിട്ടു നീങ്ങേതിന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു (2 കൊരി 12: 7-9).

ഗ്രീക്കു ഭാഷയിലെ "അഗെലോസ്" വാക്കാണ് സന്ദേശ കൻ/മാലാഖ/ദൂതൻ എന്നൊക്കെ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇത് പുതിയ നിയമത്തിൽ 160ൽ പരം സ്ഥലത്ത് ഉപയോഗിച്ചിരിക്കുന്നതായി കാണാം. പൗലോസിന്റെ ശരീരത്തിലെ ശൂലം സാത്താന്റെ ദൂതനായിരുന്നു. രോഗം ആയിരുന്നില്ല.

രോഗശാന്തിക്കായി പൗലോസ് മുട്ടിപ്പായി പ്രാർത്ഥിച്ചതായും ദൈവം അവന്റെ പ്രാർത്ഥന നിരസിച്ചതായും വചനത്തിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മൂന്നുപ്രാവശ്യം പൗലോസ് ദൈവത്തോടു തന്റെ രോഗാ വസ്ഥ പറഞ്ഞു. പക്ഷേ, എന്റെ കൃപ നിനക്കു മതി എന്ന ഉത്തരത്തിൽ ആ വിഷയം ഒതുങ്ങി.

പൗലോസിന് ഈ ശൂലം കൊടുത്തതാരാണ്? "സാത്താന്റെ ദൂതൻ" എന്നു പറഞ്ഞിരിക്കുന്നതുകൊു സാത്താന്റെ ദൂതനാണ് ശൂലം കൊടുത്ത തെന്ന് ചിലർ വിശ്വസിക്കുന്നു. സ്വയം അഹങ്കരിച്ച് ഉയരാതിരിക്കാൻ ദൈവം

കൊടുത്തു എന്നു മറ്റുചിലർ വിശ്വസിക്കുന്നു. ഞാൻ തന്നെത്താൻ ഉയരുന്നതിൽനിന്ന് എന്ന് പൗലോസ് തന്നെ പറയുന്നു.

കിംഗ് ജെയിംസ് പരിഭാഷയിൽ ഈ വാക്യത്തെ വിഭിന്നമായി വിവർത്തനം ചെയ്തിരിക്കുന്നു. ''സ്വയം ഉയരുന്നതിൽനിന്നും'' എന്നതിനുപകരം ''ഞാൻ എല്ലാറ്റിനും ഉപരി'' ഉയർത്തപ്പെടാതിരിക്കേതിന് എന്ന് കാണുന്നു. ഇതൊരു വലിയ വ്യത്യാസമാണ്. കാരണം നാം ഉയരർത്തപ്പെടുന്നതിൽ ദൈവം എതിരല്ല. തന്നെയുമല്ല വചനം പറയുന്നു എന്റെ മുമ്പിൽ താഴുവിൻ ഞാൻ നിങ്ങളെ ഉയർത്താം. ഇതിൽനിന്നും ബോദ്ധ്യമാകുന്നത് ദൈവം പൗലോസിനെ ഉയർത്തുവാൻ ആഗ്രഹിക്കുന്നു എന്നാൽ പൗലോസ് എവിടെയൊക്കെ സഞ്ചരിക്കുന്നുവോ അവിടെയെല്ലാം പിശാച് അവന്റെ ഉയർച്ചയെ തടയുവാൻ തന്റെ ദൂതനെ അയച്ച് പീഢിപ്പിച്ചുകൊിരിക്കുന്നു. ദൈവത്തിന്റെ ശക്തി പൗലോസിന്റെ ബലഹീനതയിൽ കൂടുതൽ ബലപ്പെട്ടുവരുമെന്നാണ് ദൈവം പൗലോസിനു നൽകിയ വാഗ്ദത്തം.

പൗലോസ് രോഗിയായിരുന്നപ്പോൾ ദൈവം തനിക്ക് സൗഖ്യം നിരസിച്ചു എന്ന് പഠിപ്പിക്കുന്നതിലൂടെ വചനത്തെ വൈകൃതമാക്കുകയാണ്. പൗലോസ് തന്റെ ജഢത്തിലെ ശൂലത്തെ ഒരിക്കലും രോഗമെന്ന് പറഞ്ഞിട്ടില്ല, ആ രോഗത്തെ സൗഖ്യമാക്കാൻ ദൈവം നിരസിച്ചു എന്നും കാണുന്നില്ല. 2 കൊരി 11:23-30 വരെ പൗലോസിനെക്കുറിച്ചുള്ള പ്രതിപാദ്യം സത്യസന്ധമായി വായിച്ചാൽ അവിടെ രോഗത്തെക്കുറിച്ച് ഒരു പ്രതിപാദ്യവും രേഖപ്പെടുത്തിയതായികാണുന്നില്ല.

## ഒരേ വിശദാംശത്തിന്റെ വിശദീകരണം
## (An Elaboration on the Same Theme)

പൗലോസിന്റെ ഈ ശുലത്തിന്റെ വിശദീകരണത്തോടു ചിലർ വിയോജിക്കുന്നു. ഗലാത്യരോടു ആദ്യം സുവിശേഷം പറയുമ്പോൾ താൻ രോഗിയാണെന്ന് പൗലോസ് തന്നെ പറയുന്നു. അത് ശരീരത്തിലെ ഈ ശൂലത്തെക്കുറിച്ചല്ലേ പറയുന്നത്? ഗലാത്യർക്ക് പൗലോസ് എഴുതിയ ലേഖനത്തിന്റെ യഥാർത്ഥരൂപം ഇങ്ങനെയാണ്.

> ഞാൻ ശരീരത്തിലെ ബലഹീനത നിമിത്തം ഒന്നാമത് നിങ്ങളോടു സുവിശേഷം അറിയിപ്പാൻ സംഗതി വന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ. എന്റെ ശരീരസംബന്ധമായി നിങ്ങൾക്കുായ പരീക്ഷ നിമിത്തം നിങ്ങൾ നിന്ദയോ വെറുപ്പോ കാണിക്കാതെ ദൈവദൂതനെപ്പോലെ, ക്രിസ്തു യേശുവിനെപ്പോലെ എന്നെ കൈക്കൊൾകയത്രേ ചെയ്തത് (ഗലാ 4:13-14).

ഗലാ 4:13ൽ രോഗം എന്ന് വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്ക് പദമായ അസ്തേനിയ *(asthenia)* എന്ന വാക്കിന്റെ അർത്ഥം ബലഹീനത/ക്ഷീ

ണാവസ്ഥ (weakness) എന്നാണ്. രോഗമെന്ന് വിവർത്തനം ചെയ്തിരിക്കുന്ന തിനാൽ ബലഹീനത ആകാം പക്ഷേ തീർത്തും അങ്ങനെയാകണമെന്നില്ല.

ഉദാഹരണത്തിന് ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബല മേറിയതാകുന്നു (1 കൊരി 1:25) പൗലോസ് ഇവിടെ പറഞ്ഞിരിക്കുന്ന ബല ഹീനത (weakness) എന്ന വാക്ക് അസ്തേനിയ (asthenia) എന്ന വാക്കിന്റെ പരിഭാഷയാണ്. ദൈവത്തിന്റെ രോഗം മനുഷ്യനേക്കാൾ ബലമേ റിയതാകുന്നു എന്ന് വിവർത്തനം ചെയ്തിരുന്നെങ്കിൽ ഇതിന്റെ ആശയം എ ന്താകുമായിരുന്നു (മത്താ 26: 41, 1 പത്രോ 3:7) ഇവിടെയൊക്കെ അസ ്തേനിയ (asthenia) എന്ന വാക്ക് രോഗം എന്നല്ല ബലഹീനത എന്നാണ് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്.

അപ്പോസ്തല പ്രവൃത്തികളിൽ കാണുന്ന പൗലോസിന്റെ ആദ്യ ഗലാത്യ സന്ദർശനത്തിൽ താൻ രോഗിയാണ് എന്ന് പറഞ്ഞിട്ടില്ല. തന്നെ കല്ലെറിഞ്ഞ് മൃതപ്രായനായി ഉപേക്ഷിച്ചതായും, മരണത്തെ അതിജീവിച്ച് അത്ഭുതകരമായി സൗഖ്യം പ്രാപിച്ചതായുമാണ് രേഖപ്പെടുത്തിരിക്കുന്നത്. (അപ്ര 14:5-7, 19-20) തീർച്ചയായും കല്ലെറിഞ്ഞ് തകർത്ത് മരണത്തി നേൽപിക്കപ്പെട്ട തന്റെ ശരീരം മുറിവുകളും, ചതവുകളും ഏറ്റ് പരിതാപകര മായ ഒരവസ്ഥയിലായിരുന്നു.

പൗലോസിന്റെ പ്രഥമ ഗലാത്യ സന്ദർശനത്തിൽ താൻ രോഗിയായി രുന്നില്ല. ജനത്താൽ കല്ലെറിയപ്പെട്ടതുകൊ് തന്റെ ശരീരം ബലഹീനമായിരു ന്നു. ഗലാത്യർക്ക് ലേഖനം എഴുതുമ്പോൾ തന്നെ പീഡിപ്പിച്ചവരുടെ രൂപം പൗലോസിന്റെ ഓർമയിലുായിരുന്നു. പൗലോസ് തന്റെ ലേഖനത്തിന്റെ അന്ത്യത്തിൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക.

> ഇനി ആരും എനിക്ക് പ്രയാസം വരുത്തരുത്, ഞാൻ യേശുവിന്റെ ചുട ടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു (ഗലാ 6:17).

## വേറൊരു വാദം: ദൈവത്തിന്റെ മഹത്വത്തിനായി ഞാൻ ഒക്കെ സഹിക്കുന്നു

### (Another Objection: I am Suffering for the Glory of God)

ലാസറിന്റെ ഉയർപ്പിന്റെ കഥയിലെ വചനത്തിൽ ദൈവനാമ മഹത്വ ത്തിന് വേി രോഗത്തെ സഹിക്കുന്നു എന്നു അവകാശപ്പെടുന്ന ചിലരു്. ലാസ റിന്റെ ഉയർപ്പാണ് ഇതിന്റെ അടിസ്ഥാനമായി അവർ പറയുന്നത്. ലാസറിന്റെ ദീനത്തോടു അനുബന്ധിച്ച് യേശു പറഞ്ഞു:

> ഈ ദീനം മരണത്തിന്നായിട്ടല്ലാ, ദൈവപുത്രൻ മഹത്വപ്പെടേതിന്ന് ദൈവത്തിന്റെ മഹത്വത്തിന്നായിട്ടത്രേ (യോഹ 11:4).

ലാസറിന്റെ രോഗം മൂലമല്ല ദൈവനാമം മഹത്വപ്പെടുവാനിടയാ യത് പിന്നയോ ലാസറിന്റെ രോഗസൗഖ്യത്തിലും മരണത്തിൽനിന്നുള്ള ഉയർപ്പിലും കൂടിയാണ്. ചുരുക്കത്തിൽ രോഗത്തിന്റെ അന്തിമ ഫലം മരണമ

ല്ല. ദൈവനാമം മഹത്വപ്പെടുകയാണ്. രോഗത്തിൽ ദൈവനാമം മഹത്വപ്പെടുന്നില്ല. രോഗസൗഖ്യത്തിലാണ് ദൈവനാമം മഹത്വപ്പെടുന്നത്. മത്താ 9:8; 15 –31, ലൂക്കോ: 7:16, 13:13, 17:15. ഈ ഭാഗങ്ങളിലെല്ലാം രോഗസൗഖ്യം ദൈവനാമമഹത്വത്തിന്നിടയായി എന്നതിന്റെ തെളിവുകളാണ്.

## മറ്റൊരു വാദം: പൗലോസ് ട്രോഫിമസിനെ രോഗിയായി വിട്ടേച്ചു പോയി

## Another Objection (Paul said He "Left Trophimus Sick at Miletum"

ജർമ്മനിയിലെ ഒരു പട്ടണത്തിൽ വച്ചാണ് ഞാൻ ഇത് എഴുതുന്നത്. അമേരിക്കയിലുള്ള എന്റെ മാതൃപട്ടണത്തെവിട്ടു കഴിഞ്ഞ ആഴ്ച ഞാൻ പോരുമ്പോൾ അനേക രോഗികളായവരെ വിട്ടു ഞാൻ പോരുകയായിരുന്നു. ആശുപത്രികളിൽ നിറച്ചും രോഗികളെ വിട്ടാണ് ഞാൻ പോരുന്നത്. അവരെയെല്ലാം സൗഖ്യമാക്കണമെന്നത് ദൈവത്തിന്റെ ഹിതമല്ല. പൗലോസ് സന്ദർശിച്ച പട്ടണത്തിലെ ഒരു വ്യക്തിയെ സൗഖ്യമാക്കാതെ പോയത് ആ വ്യക്തിയെ സൗഖ്യമാക്കാൻ ദൈവത്തിനു ഇഷ്ടമല്ലായെന്നതിന്റെ തെളിവല്ല. പൗലോസിന് തന്റെ പ്രവർത്തിയിലൂടെ രക്ഷയിലേക്ക് നയിക്കാൻ കഴിയാതെ പോയ എത്രയധികം പേർ ഉായിരിക്കും. അവരാരും രക്ഷിക്കപ്പെടുന്നത് ദൈവത്തിന് ഇഷ്ടമാല്ലായിരുന്നു എന്നതിന് ഇത് തെളിവാണോ. തീർച്ചയായും അല്ല.

## മറ്റൊരു വാദം: ''ഞാൻ ഇയ്യോബിനെപോലെയാണ്''

## (Another Objection: "I am Just Like Job")

ദൈവത്തിന് സ്തുതി! ഇയ്യോബിന്റെ കഥയിൽ അവൻ സൗഖ്യം പ്രാപിച്ചതായി നാം വായിക്കുന്നു. നിത്യരോഗിയായി ഇരിക്കുവാനല്ല പൂർണ സൗഖ്യമുള്ളവനായിത്തിരുവാനാണ് ദൈവം ഇയ്യോബിനെക്കുറിച്ച് ആഗ്രഹിച്ചത്. എല്ലാവരും സൗഖ്യം പ്രാപിക്കണം ഇതാണ് ദൈവത്തിന്റെ ഇച്ഛ. ഇയ്യോബിന്റെ കഥയിൽനിന്ന് അതാണ് നാം മനസ്സിലാക്കുന്നത്.

## മറ്റൊരു വാദം : തിമോഥെയോസിനോടുള്ള പൗലോസിന്റെ ഉപദേശം

## (Another objection: "Paul's Advice to Timothy about His stomach)

''മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണവും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊൾക'' (1 തിമോ 5:23). പൗലോസ് തിമോഥെയോസിനെ ഉപദേശിക്കുന്നു. വെള്ളം കുടിക്കുന്നത് നിർത്തി, അല്പം വീഞ്ഞ് വയറിന്റെ വേദനക്ക് കഴിക്കാൻ ആണ് പൗലോസ് തിമോഥെയോസിനോട് പറഞ്ഞത്. ഈ പ്രസ്താവനയിൽ നിന്ന് വെള്ളത്തിന് എന്തോ പോരായ്മ ഉന്നെുതോന്നാം. ഒരാൾ മലിനജലം പാനം ചെയ്യുന്നെങ്കിൽ അത് നിർത്തി തീർച്ചയായും മറ്റേ

തെങ്കിലും പാനീയം കഴിക്കണം. അല്ലെങ്കിൽ തീർച്ചയായും തിമോഥെയോസി നെപ്പോലെ വയറിന്റെ പ്രശ്നം ഉാകാൻ സാധ്യതയു്.

## മറ്റൊരു വാദം : യേശു രോഗികളെ സൗഖ്യമാക്കിയത് തന്റെ ദൈവത്വം വെളിപ്പെടുത്താനാണ്

**(Another Objection: Jesus only Healed to Prove His Deity)**

യേശു രോഗികളെ സൗഖ്യമാക്കിയത് തന്റെ ദൈവത്വം തെളിയിക്കാനാണെന്ന് നാം വിശ്വസിപ്പിക്കാൻ ചിലർ ആഗ്രഹിക്കുന്നു. യേശുവിന്റെ ദൈവത്വം സ്ഥാപിക്കപ്പെട്ടു തന്മൂലം പിന്നീട് രോഗസൗഖ്യം പിന്നെ ചെയ്തില്ല.

ഇത് തികച്ചും തെറ്റാണ്. യേശുവിന്റെ അത്ഭുത പ്രവർത്തികൾ തന്റെ ദൈവത്വത്തെ പ്രകടമാക്കുന്നു എന്നത് സത്യം തന്നെ. എന്നാൽ ഐഹിക ശുശ്രൂഷയിൽ രോഗികളെ സൗഖ്യമാക്കിയത് തന്റെ ദൈവത്വം വെളിപ്പെടുത്താൻ മാത്രമാണെന്ന് പറയുന്നത് ശരിയല്ല. സൗഖ്യം ലഭിച്ച പലരോടും ആരോടും പറയരുത് എന്ന് പലപ്പോഴും വിലക്കിയതായിക്കാണാം (മത്താ 8:4, 9:6, 30; 12:13-16; മർക്കോ 5:53, 7:36, 8:26). യേശുവിന്റെ ദൈവീകത വെളിപ്പെടുത്തുക എന്ന ഏക ഉദ്ദേശമാണ് രോഗശാന്തിക്ക് പിന്നിലുായിരുന്നതെങ്കിൽ താൻ ചെയ്ത അത്ഭുതങ്ങൾ മറ്റുള്ളവരെ അറിയിക്കണമെന്ന് നിർബന്ധിക്കുമായിരുന്നു.

യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയുടെ പിന്നിലെ ചേതന എന്തായിരുന്നു. വചനം പറയുന്നു യേശുവിന്റെ മനസ്സലിവും ആർദ്രതയും അത്ര ശ്രേഷ്ടമായിരുന്നു. (മത്താ 9:35-36, 14:14, 20:34, മർക്കോ 1:41, 5:19 ലൂക്കോ 7:13). യേശു ഏവരേയും സൗഖ്യമാക്കി കാരണം അവൻ രോഗികളെ സ്നേഹിക്കുകയും അവരോടു മനസലിവുള്ളവനായിരിക്കുകയും ചെയ്തു. യേശുവിന്റെ ഐതിഹ ശുശ്രൂഷയിൽ തന്റെ ആർദ്രതക്ക് കുറവുായോ, തന്റെ സ്നേഹം കുറഞ്ഞുപോയോ? ഇല്ല ഒരിക്കലുമില്ല.

## മറ്റൊരു വാദം: "ചിലതിന് മുഖാന്തിരമാകാൻ വേി ഞാൻ ഒരു രോഗിയായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നു"

**(Another Objection: God Wants Me to be Sick for Some Reasons)**

വചനത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് പ്രസക്തിയില്ല. നിങ്ങൾ അനുസരണക്കേടിൽ തുടർന്നു പോകുന്നുവെങ്കിൽ നിങ്ങൾക്ക് അനുതപിക്കാൻ വേി ദൈവം നിങ്ങളെ രോഗാവസ്ഥയിലൂടെ കടത്തി വിട്ടെന്നിരിക്കാം. പക്ഷേ നിങ്ങൾ ഒരു രോഗിയായിരിക്കുന്നത് ദൈവം ആഗ്രഹിക്കുന്ന വിഷയമല്ല. അനുതപിച്ച് സൗഖ്യം കൈവരിക്കാൻ ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നു.

അതെ നിങ്ങൾ ഒരു രോഗിയായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ എന്തിന് ഒരു ഡോക്ടറെ കാണുന്നു? മരുന്ന് കഴിക്കുന്നു?

സൗഖ്യം പ്രാപിക്കാൻ ആഗ്രഹിക്കുന്നു? നിങ്ങൾ ദൈവത്തിന്റെ ഇഷ്ടത്തിന് എതിര് പ്രവർത്തിക്കാൻ തുനിയുകയാണോ?

## അവസാനത്തെ വാദം: ''നമുക്ക് രോഗം പിടിപെട്ടില്ലായെങ്കിൽ പ ിന്നെങ്ങനെ ഒന്നുമരിക്കും?''
## (Final Objection: "If We Never Suffer Disease, How Will We Die?")

നമ്മുടെ ഭൗതിക ശരീരം ദ്രവത്വമുള്ളതാണെന്ന് വചനം നമ്മെ പ ഠിപ്പിക്കുന്നു (2 കൊരി 4:16). ജരാനരകളിൽനിന്നും ശരീരത്തെ രക്ഷിക്കാനും, പ്രായാധിക്യത്തെ തടയാനും മറ്റു യാതൊരു മാർഗ്ഗവുമില്ല. ശ്രവണ കാഴ്ച ശക്തികൾക്ക് യൗവ്വനത്തിലെപ്പോലെ പ്രവർത്തനക്ഷമത നിലനിർത്താനാവില്ല. വേഗത്തിൽ ഓടാൻ കഴിയുന്നില്ല. ഹൃദയം ശക്തമല്ല. ക്രമേണ നാം ക്ഷീണാവസ്ഥയിലേക്ക് വഴുതിപ്പൊയ്ക്കൊിരിക്കുന്നു. പ ക്ഷേ നാം രോഗബാധിതരായി മരിക്കണമെന്ന് ഇതുകൊ് അർത്ഥമില്ല. ശരീരം ക്രമേണ ക്ഷയിച്ച് ചൈതന്യം ക്ഷയിക്കുന്നു. ഒരുവന് ദൈവം ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ ഭവനത്തിലേക്കു അവൻ സാവധാനം എത്തുന്നു. അനേക വിശ്വാസികൾ അങ്ങനെ മരിച്ചവരാണ്. നിനക്കും എന്തുകൊ് അങ്ങനെ മരിച്ചുകൂടാ?